പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5623 — 24/05/2017-ൽ മറുപടിക്ക്

## സ്കൂൾ ഹെൽത്ത്/അർബൻ ഹെൽത്ത് നഴ്സ്മാരുടെ ശമ്പളം ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സമാർക്ക് ലഭിക്കുന്ന ശമ്പളത്തിന് തുല്യമാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സ്കൂളുകളിലും നഗരപ്രദേശങ്ങളിലും ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ ആരോഗ്യ വകുപ്പിൽ റിപ്പോർട്ട് ചെയ്യുന്നതിനും സർക്കാർ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇവർക്കുള്ള യോഗ്യത എന്താണ്; ഇവരെ നിയമിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്; ഇവരുടെ നിയമനത്തിനായി ദേശീയ ആരോഗ്യ മിഷന്റെ ഫണ്ട് വിനിയോഗിക്കാറുണ്ടോ; ഇവരുടെ ശമ്പളം എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ; | എ) | സ്കൂളുകളിലും നഗരപ്രദേശങ്ങളിലും ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പഠിക്കുന്നതും റിപ്പോർട്ട് ചെയ്യുന്നതിനും ദേശീയ ആരോഗ്യ മിഷന്റെ ഭാഗത്ത് നിന്ന് ആർ.ബി.എസ്.കെ നഴ്സമാരെയും അർബൻ ജെ.പി.എച്ച്.എൻമാരെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതേ കേന്ദ്രങ്ങളിൽ ആരോഗ്യ വകുപ്പിൽ നിന്നും ജെ.എച്ച്.ഐ-മാരെയും ജെ.പി.എച്ച്.എൻമാരെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആർ.ബി.എസ്.കെ. നഴ്സ് തസ്തികയിൽ സർക്കാർ അംഗീകൃത സ്കൂളിൽ നിന്നും പാസ്സായിട്ടുള്ള ജെ.പി.എച്ച്.എൻ, എ.എൻ.എം, ജനറൽ & മിഡ് വൈഫറി, ബി.എസ്.സി, പോസ്റ്റ് ബി.എസ്.സി കോഴ്സുകൾ എന്നിവയും അർബൻ ജെ.പി.എച്ച്.എൻ തസ്തികയിൽ സർക്കാർ അംഗീകൃത സ്കൂളിൽ നിന്നും പാസ്സായിട്ടുള്ള ജെ.പി.എച്ച്.എൻ കോഴ്സുമാണ് യോഗ്യത. ഈ തസ്തികയിൽ നിയമനം നൽകുന്നത് പി.എസ്.സി ലിസ്റ്റിൽ നിന്നും, ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ദേശീയ ആരോഗ്യ മിഷൻ നടത്തുന്ന എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകി വരുന്നു. ദേശീയ ആരോഗ്യ മിഷന്റെ ഫണ്ടിൽ നിന്ന് വേതനം നൽകുന്നതിനാൽ കേന്ദ്രസർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ വേതനം നൽകാൻ കഴിയുകയുള്ളൂ. കേന്ദ്രസർക്കാരിന്റെ നാഷണൽ പ്രോഗ്രാം കോ-ഓർഡിനേഷൻ കമ്മറ്റി ആണ് വാർഷിക പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ അംഗീകരിക്കുന്നത്. മേൽ തസ്തികകളിലെ നിശ്ചയിച്ച വേതനം<br>ആർ.ബി.എസ്.കെ നഴ്സ് - 11,620/-<br>അർബൻ ജെ.പി.എച്ച്.എൻ - 11,620/- |

| | | | |
|---|---|---|---|
| ബി) | സംസ്ഥാന സർക്കാർ നിയമിക്കുന്ന ഗ്രേഡ് II ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാർ ആരോഗ്യമേഖലയിൽ എന്തൊക്കെ ജോലിയാണ് ചെയ്യുന്നത്; ഇവരുടെ പ്രവർത്തന മേഖല എവിടെ-യാണ്; ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; ഇവരുടെ ശമ്പളം എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ; | ബി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള ജെ.പി.എച്ച്.എൻമാർ ആരോഗ്യ മേഖലയിൽ അവർക്ക് നിർണ്ണയിച്ച് നൽകിയിരിക്കുന്ന വാർഡുകളിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. കുടുംബസർവ്വേ, മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങൾ<br>2. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം<br>3. വാർഡുതല പോഷകാഹാര പരിപാടി<br>4. എല്ലാ ദേശീയ ആരോഗ്യ പരിപാടികളും നടപ്പിലാക്കുക<br>5. കുടുംബാസൂത്രണ പ്രവർത്തനങ്ങൾ നടത്തുക<br>6. ചെറിയ തരത്തിലുള്ള ചികിത്സകൾ നൽകുക<br>7. കൗമാര ആരോഗ്യ പ്രവർത്തനം<br>8. ജനന മരണ രേഖപ്പെടുത്തലുകൾ<br>9. വിദ്യാലയ ആരോഗ്യ പരിപാടി<br>10. പരിസര ശുചീകരണ പ്രവർത്തനങ്ങൾ<br>11. വയോജന പരിപാലനം, സാന്ത്വന പരിചരണം<br>12. ജീവിതശൈലീരോഗ പ്രതിരോധ ക്ലിനിക്കുകൾ നടത്തുക<br>13. മാനസിക ആരോഗ്യ പരിപാടികൾ സംഘടിപ്പിക്കുക<br>14. ലൈംഗിക രോഗ നിർണ്ണയ ക്യാമ്പുകൾ നടത്തുക<br>15. അർബുദ നിർണ്ണയ പരിപാടികൾ നടത്തുക<br>16. അന്ധതാ നിവാരണ പ്രവർത്തനം, നേത്രദാന പ്രവർത്തനം<br>17. ഭിന്നശേഷിക്കാരെ കണ്ടെത്തുകയും, അവർക്കാവശ്യമായ സേവനങ്ങൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുക<br>18. കുഷ്ഠരോഗ നിവാരണ പ്രവർത്തനങ്ങൾ<br>19. കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന ആരോഗ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുക<br>20. ഗ്രാമസഭകളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക<br>21. സാമൂഹ്യ നീതി വകുപ്പിന്റെ പ്രവർത്തനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുക<br>22. ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക<br>ആരോഗ്യ കേന്ദ്രങ്ങൾക്ക് കീഴിൽ വിവിധ വാർഡുകളിലായുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളും ഈ പരിധിയിൽ വരുന്ന പ്രദേശങ്ങളുമാണ് ഇവരുടെ പ്രവർത്തന മേഖല. കേരള സർവ്വീസ് നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഈ വിഭാഗം ജീവനക്കാർക്കും ലഭ്യമാണ്. ഇവരുടെ അടിസ്ഥാന ശമ്പളം 22,200/- രൂപയാണ്. മറ്റ് അലവൻസുകളായി ക്ഷാമബത്ത, വീട്ടുവാടക അലവൻസ്, ഹിൽടാക്സ് അലവൻസ്, പെർമാനന്റ് കൺവേയൻസ് അലവൻസ് എന്നിവയും നൽകുന്നു. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് ജോലി നോക്കുന്ന ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാരും/ അർബൻ ഹെൽത്ത് നഴ്സുമാരും ഒരേ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒരേ ജോലി തന്നെയാണ് നോക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; എങ്കിൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാർക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളം സ്കൂൾ ഹെൽത്ത്/ അർബൻ ഹെൽത്ത് നഴ്സുമാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ: | സി) യും ഡി) യും | നാഷണൽ ഹെൽത്ത് മിഷനു കീഴിൽ ആർ.ബി.എസ്.കെ. ആശ പദ്ധതി, അഡോളസെന്റ് ഹെൽത്ത്, ജെ.എസ്.എസ്.കെ, ജെ.എസ്.വൈ, ഫാമിലി പ്ലാനിംങ് പദ്ധതികൾ, എൻ.യു.എച്ച്.എം പദ്ധതി തുടങ്ങി നിരവധി പദ്ധതികൾക്കാണ് സർക്കാർ ഓരോ വർഷവും ഒരു നിശ്ചിത തുകയാണ് നൽകി വരുന്നത്. ഈ തുകയിൽ നിന്ന് ഓരോ പദ്ധതികൾക്കായും ഒരു നിശ്ചിത തുക വകയിരുത്തുന്നതിനൊപ്പം ഹ്യൂമൺ റിസോഴ്സിനായും ഒരു നിശ്ചിത തുക വകയിരുത്തുന്നു. ഇതിൽ വാർഷിക വർദ്ധനവും ഉൾപ്പെടുന്നു. പ്രസ്തുത തുകയുടെ അടിസ്ഥാനത്തിൽ മാത്രമേ ശമ്പളം നൽകുവാൻ നിർവ്വാഹമുള്ളൂ. |
| ഡി) | മുൻകാലങ്ങളിലെ ശമ്പള പരിഷ്കരണ സമയത്ത് ഇവരുടെ അടിസ്ഥാന ശമ്പളം തുല്യമായിരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ ശമ്പളം ജെ.പി.എച്ച്.നഴ്സിന്റെ അടിസ്ഥാന ശമ്പളമാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ